(ബി) ഇതിന്റെ നിർമ്മാണത്തിന് സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും പങ്കാളിത്തം ലഭ്യമാക്കണമെന്ന നിലപാട് കേന്ദ്രം സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പാത റെയിൽവേ തന്നെ ഏറ്റെടുത്ത് പൂർത്തിയാക്കുമെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഈ പാത ലാഭകരവും സംസ്ഥാനത്തിനൊട്ടാകെ പ്രയോജനകരവുമാണെന്ന് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ശബരി റെയിൽപാതയുടെ നിർമ്മാണത്തിനായി മൂവാറ്റുപുഴയിൽ റെയിൽവേയുടെ ഒരു പ്രോജക്ട് ഓഫീസ് തുറക്കുകയും ലൊക്കേഷൻ സർവ്വേയുടെ അന്തിമഘട്ടത്തിനുള്ള പണികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതായി അറിയുന്നു.

(ബി) ഉണ്ട്. കേന്ദ്ര റെയിൽവേ മന്ത്രി ദേവസ്വം ബോർഡിനോട് ശബരി റെയിൽവേപ്പാതയുടെ നിർമ്മാണത്തിനായി ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി)&(ഡി) ഈ പാതയുടെ പണി റെയിൽവേ തന്നെ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്.

21 (*81) മണ്ഡരി ബാധയ്ക്ക് ജൈവ കീടനാശിനി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ:
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗബാധയ്ക്ക് എതിരെ ഉപയോഗിച്ചുവരുന്ന രാസ കീടനാശിനി ദോഷഫലങ്ങൾ ഉളവാക്കുമെന്നുള്ളതിനാൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ജൈവ കീടനാശിനി ഉപയോഗിക്കുന്നതിന് തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) കേരള സോപ്സ് ആന്റ് ഓയിൽസ് ഉൽപ്പാദിപ്പിക്കുന്ന 'ഫോയ്സ്' ജൈവകീടനാശിനിയുടെ ഗുണമേന്മ പരിശോധിച്ചിട്ടുണ്ടോ;

(ഡി) തമിഴ്നാട്, കർണ്ണാടക തുടങ്ങിയ കാർഷിക സർവകലാശാലകൾ ഫോയ്സ് എന്ന ജൈവ കീടനാശിനിയുടെ ഗുണമേന്മ മനസ്സിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന കാർഷിക സർവ്വകലാശാലയുടെ നിലപാട് വ്യക്തമാക്കുമോ;

(ഇ) 'ഫോയ്സ്' ജൈവ കീടനാശിനിയുടെ സാമ്പിൾ പരിശോധനക്കായി കാർഷിക സർവ്വകലാശാലയ്ക്ക് ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മണ്ഡരി രോഗബാധയ്ക്ക് ജൈവ കീടനാശിനി പ്രയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) മണ്ഡരി കീടബാധയ്ക്കെതിരെ ഉപയോഗിക്കുന്ന ഡൈക്കോഹോൾ എന്ന രാസമണ്ഡരി നാശിനി ദോഷഫലങ്ങൾ ഉളവാക്കുമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും കീടനാശിനികൾ തളിക്കുമ്പോൾ എടുത്തിരിക്കേണ്ടതായ എല്ലാ മുൻകരുതലുകളും എടുത്തുകൊണ്ടാണ് മരുന്നു തളി നടപ്പാക്കുന്നത്.

(ബി) തടസ്സമൊന്നും ഇല്ല.

(സി) പരീക്ഷണം നടന്നുവരുന്നു.

(ഡി) ഇല്ല. കേരള കാർഷിക സർവകലാശാല അവരുടെ അഭിപ്രായം പ്രസിദ്ധീകരിച്ചിട്ടില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) രാസമണ്ഡരി നാശിനിയോ ജൈവ മണ്ഡരി നാശിനിയോ ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം കർഷകനുണ്ട്. ഏത് ഉപയോഗിച്ചാലും സബ്സിഡി നൽകും.

22 (*82) കേരള അടിസ്ഥാന നിക്ഷേപനിധി

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി നിയമം അനുസരിച്ച് രൂപീകരിച്ച നിധിയിലേയ്ക്ക് എന്ത് തുക ഇതുവരെ പരിഞ്ഞ് കിട്ടിയിട്ടുണ്ട്;

(ബി) പ്രസ്തുത ആക്ട് അനുസരിച്ച് രൂപീകരിച്ച ബോർഡ് ബോണ്ടുകൾ, കടപത്രങ്ങൾ എന്നിവ മുഖേനയോ മറ്റ് വിധത്തിലോ എന്ത് തുക സംഭരിച്ചിട്ടുണ്ട്;

(സി) ഗവൺമെന്റ് ഗ്രാന്റുകളും മുൻകൂറുകളും വായ്പകളുമായി നിധിയിലേയ്ക്ക് എന്ത് തുക കൊടുത്തിട്ടുണ്ട്;

(ഡി) ഈ തുകയുടെ പലിശ നിരക്ക് എത്രയാണ്; പലിശയിനത്തിൽ വാർഷിക ചെലവ് എന്തുവേണ്ടിവരും; സ്വരൂപിച്ച തുകയുടെ നിക്ഷേപം സംബന്ധിച്ച വിശദ വിവരം വ്യക്തമാക്കുമോ;

(ഇ) ഈ നിയമമനുസരിച്ച് രൂപീകൃതമായ ബോർഡ് എത്ര തവണ കൂടിയിട്ടുണ്ട്; ബോർഡ് ഇതുവരെ കൈക്കൊണ്ട പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാം;

(എഫ്) ഈ നിധിയിലുള്ള തുക എവിടെയാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്; അതിന് കിട്ടുന്ന പലിശ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly